ക്ളാസ് -7

വൃത്തം വസന്തതിലകം

മുകുന്ദമാലാ

1. വന്ദേ മുകുന്ദമരവിന്ദദളായതാക്ഷം
കുന്ദേന്ദുശംഖദശനം ശിശു ഗോപവേഷം
ഇന്ദ്രാദിദേവഗണവന്ദിതപാദപീഠം
വൃന്ദാവനാലയമഹം വസുദേവസൂനും.

അർഥം- മോക്ഷദായകനായി, താമരക്കണ്ണനായി, മുല്ലപ്പൂ, ചന്ദ്രൻ, ശംഖ് ഇവപോലെ വിളങ്ങുന്ന പല്ലുകളോട് കൂടിയവനായി, ഇന്ദ്രാദിദേവന്മാരാൽ വന്ദിക്കപ്പെട്ട പാദപീഠത്തോട് കൂടിയവനായി, വൃന്ദാവനവാസിയായിരിക്കുന്ന വാസുദേവനെ ഞാൻ നമസ്കരിക്കുന്നു.

2. ശ്രീവല്ലഭേതി വരദേതി ദയാപരേതി
ഭക്തപ്രിയേതി ഭവലുണ്ഠനകോവിദേതി
നാഥേതി നാഗശയനേതി ജഗന്നിവാസേ-
ത്യാലാപിനം പ്രതിദിനം കുരു മാം മുകുന്ദ.

അർഥം - ലക്ഷ്മീവല്ലഭനെന്നും വരദനെന്നും, ദയാപരനെന്നും, ഭക്തപ്രിയനെന്നും, സംസാരനാശകനെന്നും, ജഗന്നാഥനെന്നും അനന്തശയനനെന്നും ജഗന്നിവാസനെന്നും ദിവസം തോറും അങ്ങയുടെ ദിവ്യനാമങ്ങൾ ജപിക്കുമാറാകണമേ എന്ന് ഹേ മുകുന്ദാ,

എന്നെ അനുഗ്രഹിക്കേണമേ.

വൃത്തം- മാലിനീ

3. ജയതു ജയതു ദേവോ ദേവകീനന്ദനോയം
ജയതു ജയതു കൃഷ്ണോ വൃഷ്ണിവംശപ്രദീപ
ജയതു ജയതു മേഘശ്യാമളകോമളാംഗോ
ജയതു ജയതു പൃഥ്വീഭാരനാശോ മുകുന്ദ.

അർഥം - ദേവകീപുത്രനായ ഭഗവനേ, അവിടുന്ന് വിജയിച്ചാലും. വൃഷ്ണിവംശദീപമായ അവിടുന്ന് വിജയിച്ചാലും. മേഘശ്യാമളകോമളനും ഭൂഭാരനാശകനുമായ മുകുന്ദഭഗവാൻ എന്നെന്നും വിജയിക്കട്ടെ.

വൃത്തം- ഇന്ദ്രവജ്രാ

4. മുകുന്ദ, മൂർധ്നാ പ്രണിപത്യ യാചേ
ഭവന്തമേകാന്തമിയന്തമർഥം
അവിസ്മൃതിസ്ത്വച്ചരണാരവിന്ദം
ഭവേ ഭവേ മേസ്തു ഭവത്പ്രസാദാത്.

അർഥം- ഹേ മുകുന്ദ, ഞാൻ ശിരസ് നമിച്ച് വന്ദിച്ചുകൊ് ഇത്രമത്രം് അഭ്യർഥിക്കുന്നു. അങ്ങയുടെ സമൃദ്ധമായ കൃപാകടാക്ഷമുായി ജന്മാന്തരങ്ങളിൽ പോലും അവിടുത്തെ പാദകമലങ്ങളിൽ നമസ്കരിക്കാൻ എനിക്ക് ഇടവരണേ.

വൃത്തം- മന്ദാക്രാന്താ

5. നാസ്ഥാ ധർമേ ന വസുനിചയേ നൈവ കാമോപ-
ഭോഗേ

യദ്യദ്ഭവ്യം ഭവതു ഭഗവൻ പൂർവകർമാനുരൂപം
ഏതത്പ്രാർഥ്യൻ മമ ബഹുമതം ജന്മജന്മാന്തരേപി
ത്വത്പാദാംഭോരുഹയുഗഗതാ നിശ്ചലാ ഭക്തിരസ്തു.
അർഥം - ധർമത്തിലാകട്ടെ ധനത്തിലാകട്ടെ കാമോപ ഭോഗത്തിലാകട്ടെ എനിക്ക് അല്പം പോലും ആസക്തിയില്ല. പൂർവജന്മങ്ങൾ ഹേതുവായി എന്തെല്ലാം അനുഭവിക്കാനുേ‌ാ അവയൊക്കെ അനുഭവിച്ചു കൊള്ളാം. എന്നാൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടതും പ്രാർഥിക്കുവാൻ ആഗ്രഹിക്കുന്നതും ഇതു മാത്രാണ് - ജന്മജന്മാന്തരങ്ങളിലും അവിടുത്തെ പാദപദ്മങ്ങളിൽ അചഞ്ചലമായ ഭക്തി ഉ‌ാവണേ എന്ന്.

വൃത്തം- വിയോഗിനീ

6. ദിവി വാ ഭുവി വാ മമാസ്തു വാസോ
നരകേ വാ നരകാന്തകപ്രകാമം
അവധീരിതശാരദാരവിന്ദൗ
ചരണൗ തേ മരണേപി ചിന്തയാമി.

അർഥം - ഞാൻ ഭൂമിയിലോ നരകത്തിലോ സ്വർഗത്തിൽ തന്നെയോ വസിക്കുന്നു എന്നിരിക്കട്ടെ. എവിടെയായാലും നരകാന്തകായ അങ്ങയുടെ, ശരത്കാലത്തെ താമരകളെ വെല്ലുന്ന ശോഭയേറിയ പാദങ്ങളെ ഞാൻ മരണകാലത്ത് സ്മരിക്കുമാറാകണമേ.

വൃത്തം - രഥോദ്ധതാ

7. ക്ഷീരസാഗരതരങ്ഗശീകരാ-

സാരതാരകിതചാരുമൂർത്തയേ
ഭോഗഭോഗിശയനീയശായിനേ
മാധവായ മധുവിദ്വിഷേ നമഃ.
അർഥം - പാൽകടൽതിരകളിൽ നിന്നും പറക്കുന്ന ധൂളികൾ വർഷിച്ച് നക്ഷത്രങ്ങൾ പോലെ തിളങ്ങുന്ന കമനീയമായ ശരീരത്തോട് കൂടിയവനായി, അനന്ത നാകുന്ന മെത്തമേൽ ശയിക്കുന്നവനായ് മധുവൈരി യായിരിക്കുന്ന മഹാവിഷ്ണുവിനെ ഞാൻ നമസ്കരി ക്കുന്നു.

വൃത്തം- ഇന്ദ്രവജ്രാ

8. ആർത്താഃ വിഷണ്ണാഃ ശിഥിലാശ്ച ഭീതാഃ
ഘോരേഷു ച വ്യാധിഷു വർത്തമാനാഃ
സങ്കീർത്ത്യ നാരായണശബ്ദമാത്രം
വിമുക്തദുഃഖാഃ സുഖിനോ ഭവന്തി.
അർഥം- ആർത്തരും വിഷണ്ണരും മോഹഭംഗമനുഭവ പ്പെട്ടവരും ഘോരമായ വ്യാധികൾ പിടിപെട്ട് നട്ടം തിരിയുന്നവരുമായ എത്രയോ പേർ നാരായണസ ങ്കീർത്തനത്തിന്റെ ശ്രവണമാത്രയിൽ തന്നെ സർവദുഃ ഖങ്ങളിൽ നിന്നും വിമുക്തിപ്രാപിച്ച് സുഖികളായി ഭവിക്കുന്നു.

വൃത്തം - വംശസ്ഥം

9. നമാമി നാരായണപാദപങ്കജം
കരോമി നാരായണപൂജനം സദാ

വദാമി നാരായണനാമ നിർമലം
സ്മരാമി നാരയണതത്ത്വമവ്യയം.

അർഥം- ശ്രീനാരായണന്റെ പാദപങ്കജങ്ങൾ ഞാനിതാ നമസ്കരിക്കുന്നു. ശ്രീനാരായണനെ ഞാനിതാ സകലകാലവും പൂജിക്കുന്നു. നാരായണന്റെ പാവനമായ നാമങ്ങൾ ഞാനിതാ സദാ ജപിച്ചുകൊിരിക്കുന്നു. ശ്രീനാരായണന്റെ അവിനാശിയായ തത്ത്വങ്ങൾ ഞാനിതാ സദാ സ്മരിച്ചുകൊിരിക്കുന്നു.

വൃത്തം- ഇന്ദ്രവജ്രാ

10. കായേന വാചാ മനസേന്ദ്രിയൈർവാ
ബുദ്ധ്യാത്മനാ വാ പ്രകൃതേഃ സ്വഭാവാത്.
കരോമി യദ്യത് സകലം പരസ്മൈ
നാരായണായേതി സമർപ്പയാമി.

അർഥം - ദേഹം, വാക്ക്, മനസ് ഇവകൊും, ഇന്ദ്രിയങ്ങളെകൊും, ബ്ധികൊും,ആത്മാവിനാലും പ്രകൃത്യാ എനിക്കുാകുന്ന സ്വഭവങ്ങളാലും യാതൊന്നൊക്കെ ചെയ്യാനിടയുാേ, അവയെല്ലാം പരമാത്മാവായ നാരായണനായിക്കോ് സമർപ്പിക്കുന്നു.

കൃഷ്ണകർണാമൃതം - രാസക്രീഡാ

ക്ളാസ് - 8 വൃത്തം - സ്രഗ്വിണീ

1. അംഗനാമംഗനാമന്തരേ മാധവോ
മാധവം മാധവം ചാന്തരേണാംഗനാ
ഇത്ഥമാകല്പിതേ മണ്ഡലേ മധ്യഗഃ
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.

അർഥം-രാസക്രീഡയിൽ വൃത്താകാരത്തിൽ നിൽക്കുന്ന ഗോപിമാരേയും അവർക്കൊപ്പം നിലകൊള്ളുന്ന കൃഷ്ണനേയും വർണിക്കുന്നു. രു ഗോപികമാർക്ക് നടുവിൽ ഒരു കൃഷ്ണൻ, രു കൃഷ്ണന്മാർക്ക് നടുവിൽ ഒരു ഗോപി. ഇപ്രകാരം തീർത്ത ഗോപീകൃഷ്ണന്മാരുടെ വൃത്തത്തിന്റെ മധ്യഭാഗത്ത് നിന്ന ദേവകീനന്ദനനായ കൃഷ്ണൻ മുരളിയൂതി.

2. കേകീകേകാദൃതാനേരുപങ്കേരുഹാ
ലീനഹംസാവലീഹൃദ്യയാ വിദ്യയാ
കംസവംശാടവീദാഹദാവാനലഃ
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.

അർഥം- മയിലുകൾ മധുരമായ കേകാരവങ്ങളാൽ കൃഷ്ണന്റെ മുരളീരവത്തെ വാഴ്ത്തി. ആ മുരളീരവത്തിൽ രാജഹംസങ്ങൾ ലയിച്ചുപോയി. കംസനും വംശപരമ്പരക്കും മുളങ്കാടിന് കാട്ട്തീയെന്നപോലെ ദാഹകശക്തിയായിതീർന്ന ആദേവകീനന്ദനൻ വേണുവൂതി.

3. ക്വാപി വീണാഭിരാരാവിണാ കമ്പിതാ
ക്വാപി വീണാഭിരാകിങ്കിണീനർതിതഃ
ക്വാപി വീണാഭിരാഗാന്തരം ഗാപിതഃ
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.
അർഥം-രാസക്രീഡയിൽ ഗോപിമാർ വാദനം ചെയ്യുന്ന വീണയുടെ നാദത്തോടൊപ്പവും കൃഷ്ണൻ രാഗമധുരമായി ഓടക്കുഴൽ വായിച്ചു. ചിലപ്പോൾ നാദത്തിനനുസരിച്ച് നൃത്തവുമാടി. മറ്റുചിലപ്പോൾ വീണാവാദനത്തിനോടൊപ്പം ഇമ്പമാർന്ന ഗാനങ്ങൾ പാടി. ഇതോടൊപ്പം എല്ലാവരുടേയും മദ്ധ്യത്തിൽ നിന്ന് കൃഷ്ണൻ വേണുവൂതി.
4. ചാരുചന്ദ്രാവലീലോചനൈശ്ചുംബിതോ
ഗോപഗോവൃന്ദഗോപാലികാവല്ലഭഃ
വല്ലവീവൃന്ദവൃന്ദാരകഃ കാമുകഃ
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.
അർഥം- മുഗ്ധമായ നിലാവിൽ കുളിച്ച്, കാണുന്നവരുടെ എല്ലാം കണ്ണുകൾകൊ് മുകരപ്പെട്ട്, ഗോപന്മാർക്കും ഗോപികമാർക്കും ഗോവൃന്ദത്തിനും വല്ലഭനായ ആ കൃഷ്ണൻ മുരളിയൂതി.
5. മൗലിമാലാമിളന്മത്തഭൃംഗീലതാ-
ഭീതഭീതപ്രിയാവിഭ്രമാലിംഗിതഃ
സ്രസ്തഗോപികുചാഭോഗസമ്മേളിതഃ

സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.
അർഥം - ഗോപികമാരുടെ മുടിയിൽ ചാർത്തിയ പൂമാലയുടെ സുഗന്ധത്താൽ ആൺവുകളും പെൺവുകളും പറന്നുവന്നു. ആനന്ദഭരിതരായ ഗോപികമാർ അംഗവസ്ത്രമൂർന്നുവീണതറിയാതെ കൃഷ്ണനെ ആലിംഗനം ചെയ്തു. ഇവരുടെ ആനന്ദത്തെ വർദ്ധിപ്പിക്കുമാറ് കൃഷ്ണൻ വേണുവൂതി.

6. ചാരുചാമീകരാഭാസിഭാമാവിഭുർ-
വൈജയന്തീലതാവാസിതോരസ്ഥലഃ
നന്ദവൃന്ദാവനേ വാസിതോ മദ്ധ്യഗഃ
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.

അർഥം- സ്വർണനിറമാർന്ന ഗോപികമാരേയും തുളസി, തെച്ചിപൂക്കൾകൊു കോർത്ത വൈജയന്തീമാലകളും മാറിൽ ധരിച്ച ദേവകീനന്ദനാൽ വൃന്ദാവനത്തിൽ വച്ച് ഓടക്കുഴലൂതി.

7. ബാലികാതാളികാതാളലീലാലയാ-
സങ്ഗസന്ദർശിതഭ്രൂലതാവിഭ്രമഃ
ഗോപികാഗീതദത്താവധാനഃ സ്വയം
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.

അർഥം- ഗോപിമാർ, നൃത്തത്തിനൊത്ത് കൈകൊട്ടി

താളമിട്ടുകൊിരുന്നു, ആ താളത്തിനൊത്ത്
ഗോപികമാരുടെ മധുരഗീതം മാത്രം ശ്രദ്ധിച്ച്
പുരികക്കൊടികളിളക്കി കൃഷ്ണൻ വേണുവൂതി.
8. പാരിജാതം സമുദ്ധൃത്യ രാധാവരോ
രോപയാമാസ ഭാമാഗൃഹസ്യാങ്കണേ
ശീതശീതേ വടേ യാമുനീയേ തടേ
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.
അർഥം- രാധാവരനയ കൃഷ്ണൻ പ്
സ്നേഹത്തിനു വേി മാത്രം, സ്വർഗത്തിൽ നിന്ന്
കൊുവന്ന പരിജാതത്തെ സത്യഭാമയുടെ
ഗൃഹാങ്കണത്തിൽ നട്ടു പിടിപ്പിച്ചു. തന്നെ സ്നേഹിച്ച
ഏവർക്കും അറിഞ്ഞ് ഇംഗിതങ്ങൾ
നടത്തിക്കൊടുക്കുന്ന കൃഷ്ണൻ വടവൃക്ഷങ്ങൾ
നിറഞ്ഞ തണുപ്പുറ്റ യമുനാതീരത്തിരുന്ന് മുരളിയൂതി.
9. കരകമലദരദളിതലളിതതരവംശീ-
കളനിനദഗളദമൃതഘനസരസി ദേവേ.
സഹജരസഭരഭരിതദരഹസിതവീഥീ-
സതതവഹദധരമണി മധുരിമണി ലീലേ.
അർഥം - താമരപ്പൂവിനൊത്ത കൈവിരലുകളാൽ
ശ്രുതിമധുരമായ പദങ്ങൾ മുരളിയിലൂടെ വാദനം
ചെയ്യുന്ന കൃഷ്ണന്റെ മധുരമന്ദഹസം നിറഞ്ഞ
അധരാമൃതത്തിൽ ഞാൻ ലയിച്ചുചേരാൻ
കൊതിക്കുന്നു.

10. തരുണാരുണകരുണാമയവിപുലായതനയനം
കമലാകുചകലശീഭരപുളകീകൃതഹൃദയം
മുരളീരവതരളീകൃതമുനിമാനസനളിനം
മമ ഖേലതി മദചേതസി മധുരാധരമമൃതം.

അർഥം - കൃഷ്ണന്റെ, വാത്സല്യം നിറഞ്ഞ അല്പം അരുണകാന്തിപോർന്ന വിസ്തൃതമായ നയനങ്ങൾ, ലക്ഷ്മീദേവിയുടെ പരിരംഭണം കൊ് പുളകിതമായ മാറിടം, മുനിമാനസങ്ങളെപ്പോലും ത്രസിപ്പിക്കുന്ന തരളമായ മുരളീരവം, മധുരിമയാർന്ന അധരാമൃതം ഇതെല്ലാം എന്റെ മനസ്സിൽ എപ്പോഴും വിളങ്ങട്ടെ.